"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ്- 30-11-2018-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ- മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത്- 'കാട്ടിക്കുളം ഗവ.ഹയർ സെക്കണ്ടറി സ്കൂളിൻറെ ഹൈസ്കൂൾ വിഭാഗത്തിന് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങുന്നതിനായി ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ'എന്ന പ്രോജക്ടിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.3271/2018/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 30/12/2018

---

പരാമർശം:- 1 വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.11.2018-ലെ കത്ത്

2 30.11.2018-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ4.18-ാം നമ്പർ തീരുമാനം

## ഉത്തരവ്

മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ട തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ കാട്ടിക്കുളം ഗവ.ഹയർ സെക്കണ്ടറി സ്കൂളിൽ ഹൈസ്കൂൾ വിഭാഗത്തിന് കെട്ടിടം നിർമ്മിക്കുന്നതിലേയ്ക്കായി സ്ഥലം വാങ്ങുന്നതിന് വയനാട് ജില്ലാപഞ്ചായത്ത് നിർവ്വഹണം നടത്തുന്ന ഒരു പദ്ധതി, ജില്ലാ പഞ്ചായത്ത്, മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത്, തിരുനെല്ലി ഗ്രാമപഞ്ചായത്ത് എന്നിവയുടെ സംയുക്ത പദ്ധതിയായി ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതിക്കായി മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് 10 ലക്ഷം രൂപ വകയിരുത്തുകയും സർക്കാർ അംഗീകാരം നല്കണമെന്ന നിബന്ധനയോടെ വെറ്റിങ് ഓഫീസർ പ്രോജക്ടിന് (പ്രൊ.നം.109/19) അംഗീകാരം നൽകുകയും ചെയ്തിട്ടുള്ളതിനാൽ പദ്ധതി നടപ്പാക്കാൻ അനുമതി നൽകണമെന്ന് പരാമർശം (1) പ്രകാരം ജില്ലാ പ്ലാനിംഗ് ഓഫീസർ ശുപാർശ ചെയ്തിട്ടുണ്ട്. 30.11.2018-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി ടി പദ്ധതിയ്ക്ക് പരാമർശം(2) പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 30.11.2018-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം(2) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ട തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ കാട്ടിക്കുളം ഗവ.ഹയർ സെക്കണ്ടറി സ്കൂളിലെ ഹൈസ്കൂൾ വിഭാഗത്തിന് കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം വാങ്ങുന്നതിനുള്ള വയനാട് ജില്ല, മാനന്തവാടി ബ്ലോക്ക്, തിരുനെല്ലി ഗ്രാമ പഞ്ചായത്തുകളുടെ സംയുക്ത പ്രോജക്ടിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായ 10 ലക്ഷം രൂപ ജില്ലാ പഞ്ചായത്തിന് കൈമാറുന്നതിനായി മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തയ്യാറാക്കിയിട്ടുള്ള "കാട്ടിക്കുളം ജി.എച്ച്.എസ്.എസ്-ന് സ്ഥലം

വാങ്ങുന്നതിന് ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ" എന്ന പ്രൊജക്ടിന് (പ്രൊ.നം.109/19)അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിനിമോൾ ഡി
ഡെപ്യൂട്ടി സെക്രട്ടറി

പകർപ്പ്

പ്രസിഡണ്ട്/സെക്രട്ടറി, മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത്, വയനാട്

ജില്ലാ പ്ലാനിംഗ് ഓഫീസർ, വയനാട്.

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ)വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SHAJI T R
Date: 2019.12.?? 11:54:22 IST
Reason: Approved
സെക്ഷൻ ഓഫീസർ